
പ്രജ്വാലിക
2019-20
ജി.എച്ച്.എസ്.എസ് ചട്ടുകപ്പാറ

GOVT. H S S CHATTUKAPPARA
CHATTUKAPPARA P.O
KOODALI .VIA
KANNUR
PIN- 670592
KERALA

Email : ghsschattukappara@gmail.com
Ph : 04972790960

THALIPARAMBA EDUCATIONAL DIST.
THALIPARAMBA SOUTH SUB.DIST.
SCHOOL CODE: 13084




## ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള സർക്കാരിന്റെ കർമ്മപദ്ധതിയായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗാമായാണ് ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ സർക്കാർ തീരുമാനിച്ചത്.

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടത് ആണ് എന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർ ത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങ്ഹൾ സമർതത്ഥതമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയിമുള്ള ഒരു തലമുറയെ രൂപപ്പെടത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വിവരസാങ്കേതിക വിദ്യ വളരെ പ്രധാന പങ്കുവഹിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ

നൂതന സംരംഭങ്ങൾ വിദ്യാഭ്യാസപ്രവർത്തനത്തിനായി നൽകുന്നു.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രായോഗിക പരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് . ഗ്രാഫിക്സ് & ആനിമേഷൻ , സ്ക്രാച്ച് പ്രോഗ്രാമിങ് , പൈത്തൺ പ്രോഗ്രാമിങ് ,മൊബൈൽ ആപ്പ് നിർമ്മാണം , റോബോട്ടിക്സ് , ഇലക്ട്രോണിക്സ് , ഹാർഡ്‌വെയർ , മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും , ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് . കൂടാതെ മികവ് പുലർത്തുന്നവർക്ക് സബ്ജില്ലാ , ജില്ലാ , സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു .

ഇതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ സാങ്കേതിക വിദ്യയിൽ നേടിയ വൈദഗ്ധ്യവും അഭിരുചിയും ഉപയോഗപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കേണ്ടതുണ്ട് .ഇതാ ഞങ്ങൾ നിങ്ങൾക്കായി ഒരുക്കിയ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.



# പത്രാധിപ സമിതി

ശ്രീനന്ദ കെ സി (ചീഫ് എഡിറ്റർ)
ഫാത്തിമത്ത് നിഹാദ
ശ്രീനന്ദ പി
നന്ദന എം
അനുരഞ്ജ് പി
വൈഷ്ണവ് ആർ കെ



# ആശംസ



ആധുനികതയുടെ അനിവാര്യതകളിൽ ഒന്നാണ് ഡിജിറ്റലൈസേഷൻ.ഡിജിറ്റൽ ലോകത്തിലേക്ക് ചുവടുവയ്ക്കുന്നതിന് ഞങ്ങളും തയ്യാറാണെന്ന് ഊട്ടിയുറപ്പിക്കാൻ ചട്ടുകപ്പാറ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അടിവരയിടുന്ന തരത്തിലുള്ള ഒരു പ്രസിദ്ധീകരണമാകും ഇതെന്ന് ഞാൻ വിശ്വസിക്കുന്നു. ജി.എച്ച്.എസ്.എസ് ചട്ടുകപ്പാറയിലെ അധ്യാപകരുടേയും കുട്ടികളുടെയും സൃഷ്ടികളും സ്കൂളിലെ മറ്റു പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ 'പ്രജ്വാലിക' എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

**പി കൃഷ്ണദാസൻ**

**ഹെഡ് മാസ്റ്റർ**

**ജി എച്ച് എസ് എസ് ചട്ടുകപ്പാറ**

# ആശംസ



2019-20 ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ തയ്യാറാക്കിയ 'പ്രജ്വാലിക' എന്ന ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടികളും സ്കൂളിന്റെ മറ്റു പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചതാണ്. ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**പ്രിൻസിപ്പാൾ**

**എ വി ജയരാജൻ**

**ജി.എച്ച്.എസ്.എസ്**

**ചട്ടുകപ്പാറ**

പ്രജ്ഞാലിക 2019-20

## ഉള്ളടക്കത്തിലേക്ക്


ഓണം വന്നേ..........10
ഗുരു..........14
VACCINES..........16
Roshin-A, 9 C..........16
KEY FOR SUCCESS..........18
പുഴ..........19
വര..........20
അമ്മയുടെസ്വപ്നസമ്മാനം..........21
ഡിജിറ്റൽ പെയിന്റിങ്ങ്..........23
കാർമുകിൽ..........26
ബ്ലാക്ക് ബോർഡ്..........27
IT QUIZ..........29
-വൈഷ്ണവ്.R K, 9 C..........29
വലയ സൂര്യഗ്രഹണം..........32
നിസാം.P, 9 C..........32
PHILOSOPHY..........36
കായിക പരിശീലനത്തിലൂടെ ആരോഗ്യം..........38
വിദ്യാലയം -പ്രതിഭകൾക്കൊപ്പം..........40

# ചട്ടുകപ്പാറ ഗവ:ഹയർസെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രം

ഒരു പഞ്ചായത്തിൽ ഒരു സ്കൂൾ എങ്കിലും എന്ന നായനാർ സർക്കാറിന്റെ നയത്തിന്റെ ഭാഗമായി 1981 ൽ ആരംഭിച്ചതാണീ വിദ്യാലയം.കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയം കൂടിയാണിത്.നാട്ടുകാരുടെ കമ്മിറ്റിയിൽ 4 ഏക്കർ സ്ഥലം വിലകൊടുത്തുവാങ്ങി,പിരിവെടുത്ത് കെട്ടിടം പണിതാണ് വിദ്യാലയം പടുത്തുയർത്തിയത്.പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള മുഴുവൻ ഹൈടെക്കായി മാറിക്കഴിഞ്ഞു.

സംസ്ഥാന ഗവൺമെൻറ് കെട്ടിട നിർമാണത്തിനായി അനുവദിച്ച 215 ലക്ഷം രൂപ ഉപയോഗിച്ച് ലൈബ്രറി , സയൻസ് ലാബ് ,ആർട്ട് റൂം , കമ്പ്യൂട്ടർ റൂം എന്നിവയുടെ നിർമാണം പൂർത്തിയായി .

കേന്ദ്രമാനവ ശേഷിമന്ത്രാലയത്തിൻെറ റോബർട്ടിക്ക് ശാസ്ത്രം പ്രയോജനപ്പെടുത്തുന്ന 20 ലക്ഷം രൂപയുടെ അടൽ ടിങ്കറിംഗ് ലാബ് ജൂൺ മാസത്തോടെ ഒരുങ്ങുകയാണ് . 5 മുതൽ 10 വരെ ക്ലാസുകളിൽ മലയാളം , ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ പഠിക്കാനവസരം ഇവിടെയുണ്ട്. വിശാലമായ സ്ഥലവും വിവിധ ഗെയിമുകളുടെ പരിശീലനവും നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു. സ്കൗട്ട് &ഗൈഡ്,ജൂനിയർ റെഡ്ക്രോസ് ,ലിറ്റിൽ കൈറ്റ്, എൻ.എസ്.എസ് .തുടങ്ങിയ യൂണിറ്റുകൾ സജീവമാണ്. ഈ വർഷം ഗൈഡിൻെറ രാജ്യപുരസ്കാർ പരീക്ഷയ്ക്കിരുന്ന മുഴുവൻ കുട്ടികളും പാസായ കേരളത്തിൽ ചുരുക്കം വിദ്യലയങ്ങളിൽ ഒന്നാണീ സ്കൂൾ. പൂർവ്വ വിദ്യാർത്ഥികളുടെ വകയായി ബേൻറ് സെറ്റ് , ക്ലാസുകളിൽ ഫാൻ എന്നിവ ലഭിച്ചിരുന്നു. ഈ വിദ്യാലയത്തിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികളെയും അന്തർദേശീയ നിലവാരത്തിലേക്കെത്തിക്കുന്നകതിന് അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി മുന്നോട്ട് പോവുകയ്ണ്. ഇതിനെ പൊതു സമൂഹം മാറോട് ചേർക്കുമെന്ന് പ്രതീക്ഷിക്കാം.

# പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവുമ്പോൾ



*സി.മുരളിധരൻ*

*അധ്യാപകൻ, GHSS ചട്ടുകപ്പാറ*

മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന സകലവിധ കഴിവുകളെയും പുറത്തു കൊണ്ടുവന്നു വികസിപ്പിച്ച മനുഷ്യനെ ,മനുഷ്യനാക്കുന്ന പ്രകൃതിയാനല്ല വിദ്യാഭ്യാസം.അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾ ആരംഭിക്കുന്നവിദ്യാഭ്യാസം മരണംവരെ തുടരുകയാണ് ചെയ്യുന്നു .ഔപചാരിക വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും ചേർന്നതായി പ്രവർത്തനം .രണ്ടിനും അതിന്ടടേതായ പ്രാധാന്യവും സ്ഥാനവും ഉണ്ട് .

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആദ്യ ഭാഗം ഇന്ന് രണ്ടുവഴികളിലൂടെയാണ് നീങ്ങുന്നത് .ഒന്ന് ഗവണ്മെന്റിന്റെ പൂർണ നിയന്ത്രണത്തിലുള്ള അങ്കണവാടികളിൽ തുടങ്ങി പ്രൈമറി ,അപ്പർപ്രൈമറി ,ഹൈസ്കൂൾ , ഹയർസെക്കണ്ടറി എന്ന രീതിയിൽ നീങ്ങുന്ന പൊതു വിദ്യാഭ്യാസ ശൃംഖല വഴിയും .മറ്റേത് ഇംഗ്ലീഷ് മാധ്യമത്തിലൂടെ പഠിച്ചാൽ മാത്രമേ ജീവിത വിജയം ഉണ്ടാകൂ എന്ന് നിശ്ചയിച്ചു എൽ .കെ .ജി .,യു .കെ .ജി .,അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയഎം സ്കൂളുകളും ,സി .ബി .എസ .സി .,ഐ .സി .എസ് .ഇ .,എൻ .സി .ഇ .ആർ .ടി .,ഇന്റർ നാഷണൽ സിലബസ് എന്ന് പറയുന്ന പണം കൊടുത്ത് പഠിക്കുന്ന സംബ്രദായവും .

അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എല്ലാ പൊതുവിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാൻ വിദഗ്ധരുടെ സഹായത്തോടെ ഉണ്ടാക്കി പൊതുജന സമക്ഷവും ഡിപ്പാർട്മെന്റിനും നൽകി അവ നടപ്പിലാക്കി വരുന്നു

ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ കേരളം സമൂഹത്തിന്റെ വിശ്വാസ്യത പിടിച്ചു പറ്റുന്നു എന്നതിന്റെ സൂചനയായി ഈ വർഷം ഒന്നാം തരത്തിൽ

മുൻവർഷത്തേക്കാൾ പതിനാറായിരം കുട്ടികളുടെ വർദ്ധനവ് ഉണ്ടായി .രണ്ടുമുതൽ ഒമ്പതുവരെ ക്ലസുകളിൽ കുട്ടികൾ വർധിച്ച .ഇത് അൺഎയ്ഡഡ് മേഖല ഉപേക്ഷിച്ച പൊതു വിദ്യാഭ്യാസ ധാരയിലേക്ക് കുട്ടികൾ വന്നതുകൊണ്ടാണ് സാധ്യമായത് .ഈ വർഷവും സ്ഥിതി ഇത് തന്നെയാവുമെന്നാണ് കരുതുന്നത് .

പൊതു വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും അവിടെ പഠിക്കുന്ന ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും സീഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറുകയും ചെയ്യുന്ന . മതനിരപേക്ഷ , ജനാധിപത്യ മൂല്യങ്ങൾ , ഭരണഘടനാ മൂല്യങ്ങൾ , മാനവിക മൂല്യങ്ങൾ , പാരിസ്ഥിതിക അവബോധം ഉള്ള കുട്ടികളെ വാർത്തെടുക്കുക വഴി-ഈ മൂല്യങ്ങളുള്ള സമൂഹത്തെ സൃഷ്ടിക്കുവാനും സാധിക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി സാധിക്കുമെന്ന് പ്രത്യാശിക്കാം .

************

# ഓണം വന്നേ...

-രതി കണിയാരത്ത്
അധ്യാപകൻ, GHSS ചട്ടുകപ്പാറ



ഓണം വന്നോണം വന്നേ
പൊന്നോണത്തുമ്പി പറന്നു വന്നേ
ചിങ്ങവെയിൽ പരന്നേമുക്കറ്റി
കമ്മലണിഞ്ഞു വന്നേ............

അത്തം നാൾ പിറന്നേ
ചിത്തം തെളിഞ്ഞു വന്നേ
മാരിക്കാർ മാഞ്ഞകന്നേ
മനതാരിലാശമുളച്ച വന്നേ
തുമ്പ പെരിയലങ്ങൾ ചുറ്റിലും
വെൺ പ്രഭ ളുകി വന്നു
മഞ്ഞയണിഞ്ഞു വന്നു
വെള്ളെരി,കുമ്പഴ സുന്ദരിമാർ
ഓണം വന്നോണം വന്നേ
പൊന്നോണത്തുമ്പി പറന്നു വന്നേ
ചിങ്ങവെയിൽ പരന്നേമുക്കറ്റി
കമ്മലണിഞ്ഞു വന്നേ...
നീലയുടുത്തു വന്നേ
കാക്കപ്പൂ നാണം കുണുങ്ങി വന്നേ
സിന്ധൂര ചാന്തണിഞ്ഞ് കൃഷ്
ണകിരീടം നിന്നേ
വയലറ്റിൻ കാന്തിയോടെ
കൃഷ്ണപ്പൂദൂരെ ചിരിച്ചു നിന്നേ
കൊങ്ങിണിപ്പൂവും വന്നേ



പല നിറ ചേലകൾ ചുറ്റിച്ചുറ്റി
ഓണം വന്നോണം വന്നേ
പൊന്നോണത്തുമ്പി പറന്നു വന്നേ
ചിങ്ങവെയിൽ പരന്നേ
മുക്കുറ്റി കമ്മലണിഞ്ഞു വന്നേ
ചിത്രശലഭമെത്തി
പൂവുകൾക്കാശം സംഗീതവുമായ
വണ്ടുകൾ മൂളിയാർത്തു
പുതിയൊരു ചിഞ്ചില നാദവുമായ്
ഊവാനത്തുമ്പികളോ
വാനിതിലാടിത്തിമിർത്തു വന്നേ
ഉച്ചത്തിൽ പാട്ടുപാടി
പക്ഷികൾ മോദത്തിലാർത്തു നിന്നേ
ഓണം വന്നോണം വന്നേ
പൊന്നോണത്തുമ്പി പറന്നു വന്നേ
ചങ്ങവെയിൽ പരന്നേ
മുക്കുറ്റിക്കമ്മലണിഞ്ഞു വന്നേ
പച്ചയാം പട്ടുടിത്തേ താഴ്വാരം
മെല്ലെ ചിരിച്ചുണർന്നേ
വള്ളികൾ നൃത്തമാടി കാറ്റിൽ
താലോലം പൂക്കളോടെ
അതിരാണിപ്പൂവിനൊപ്പം
മുള്ളിൻപൂ നീഴെ ചിരിച്ചു നിന്നേ
ചീരകൾ പൂത്തു നിന്നേ
വെണ്ടപ്പൂ കൂടെ വിടർന്നുണർന്നേ
ഓണം വന്നോണം വന്നേ
പൊന്നോണത്തുമ്പി പറന്നു വന്നേ
ചിങ്ങവെയിൽ പരന്നേ
മുക്കുറ്റിക്കമ്മലണിഞ്ഞു വന്നേ...




# The Best Crime I have Ever Done



-Darsha Ramesh

As a thief, crime is in my blood .As other do their jobs for earning, I used to do rob other earnings. One day, as usual I went to a mall to pick some pocket or steal anything from their. I came to notice a child standing in front of a watch shop. He had a shining watch of his father in his hands which was given to him. It was shining like a diamond was wearing shoes and suits which was branded. The total outfit was giving a rich outlook assured that the watch will cast at least one lakh. My eyes and mind ware on the watch and I couldn't resist myself from stealing it. I went near him, took the watch and ran. I ran and ran. Unfortunately, I slipped from the first floor to the ground floor. I was unable to stand but somehow I was able to sit. When I look as no doubt in catching me and putting inside the prison. The child and his dad ran to me. All the public was staring at us. His dad picked me up a in



high temper and was about to beat me. But, the child stopped him. The child said,”Why are you beating him, dad?”

Dad replied,”For stealing my watch”.The innocent child said that the watch was useless it was not working .When his dad asked why, Child replied that it is not showing time and because of this watch he don’t have time to play or spend with him .The dad’s eyes watered .He realised his truth. This is the current situation of our society. His dad gifted me the stolen watch as for thanking me. He thanked me for telling him know what his child need . He also felt ashamed in the public. I think that the whole crowed standing their would have got this massage .I realised that money doesn’t make us happy. Happiness is spending time with your loved ones . A stolen watch rewrite my life. I took an oath to be a good person .The watch changed my life.

******************



# गुरु

-शब्ना राज

अध्यापिका



ज्ञान का भंडार  आप
प्रॆम का सिन्धु आप
ममता की मूत़ि आप
सहानुभूति का आंचल भी आप

अज्ञान के विनाशक आप
दया कि झील आप
जीवन के कारिगर आप
समस्याओं में निणयिक भी आप

सभ्यता के परिचायक आप
संसकृति के रक्षक आप
एकता का संगीत आप
माननता का महेश्वर भी आप

कभी आप  बनते हे कवि
तो कभी गायक
कभी नतृक तो कभी अभिनेता
कभी अन्नदाता तो कभी जीननदाता

सीखतॆ हे   स्वयं और  सिखातॆ हैं

आप जग कॊ

खुदा कि  आप ऐसी आनोखी सृष्टि

जिनमॆं समन्वित हॆं संपूण् कमृ



तभि तॊ दियॆ हॆं खुदा नॆ आपकॊ

ताविज इस अनोखि दुनिया कि

अपनॆ ही खॊल था भॆद प्रकृति का

और अपनॆ ही सुलझाई थी समस्याओं की कडियां

आपनॆ दियॆ थॆ हमॆं नऎ चॆहरॆ

आप बनॆ थॆ स्वयं मशाल -

अनजान रहॊ मॆं हमारी

अपनॆ जलाई थी ञान कि ज्योति

अपनॆ दिखाऎ थॆ लक्ष्य का नजारा

और अपनॆ ही दियॆ थॆ दिशा बोध हमॆं

इन अंसंस्यताओं कॆ हॆ वास्सि

तभी तॊ है नाम आपका गुरु

**************

# VACCINES



Roshin-A, 9 C

*Can there be vaccines against all diseases?
*how vaccination helps?

Vaccination is a very important part of family and public health. Vaccines prevent the spread of contagious dangerous and very deadly diseases.. These include measles, chicken pox, whooping cough, diphtheria and HIV.


A vaccine (for immunisation)is a way to build up your body's natural immunity to a diseases. This keeps you from getting and spreading the disease. Vaccines provide a build up of antibodies before you get sick. That way you don't have to go through the symptoms of the illness.

Recently there was a report that more children were getting measles because their parents did not vaccinate them in time. Today vaccine are available for many diseases such as chicken pox, mumps and tetanus. Vaccines have saved the lives of millions since they were introduced. Small pox was wiped out by vaccination.

Vaccines are made from weakened or dead germs. These weakened or dad germs stimulate the body to form antibodies (special proteins produced by the body to fight bacteria and viruses).Thereafter if the same kind of disease germs enter your body these antibodies attack the invading germs and destroy them.

One cannot be vaccinated against genetic disorders like haemophilia, albinism, colour blindness and so on as these diseases are not caused by bacteria or viruses. Scientists have identified more than 100 different viruses that can cause common cold ,but a vaccine for common cold will not work because a specific antibody is effective only against a specific kind of Bacterium or virus.

| DISEASES OR CONDITIONS | VACCINE(S) |
|---|---|
| Dengue fever | Dengue vaccine |
| Hepatitis A | Hepatitis A vaccine |
| Measles | Measles vaccine,MMR vaccine |
| Poliomyelitis | Polio vaccine |
| Rabies | Rabies vaccine |
| Tetanus | DPT vaccine |
| Anthrax | Anthrax vaccine |
| Whooping cough | DPT vaccine |
| Typhoid fever | Typhoid vaccine |
| Cholera | Cholera vaccine |



# KEY FOR SUCCESS



*-Chythanya A, 9 D*



A small truth to make our life 100%successful……………………

A,B,C,D,E,F,G,H,I,J,K,L,M,N,O,P,Q,R,S,T,U,V,W,X,Y,Z is equal to 1,2,3,4,5,6,7,8,9,10,11,12,13,14,15,16,17,18,19,20,21,22,23,24,25,26

Then HARD WORK =8+1+18+4+23+15+18+11=98%

KNOWLEDGE =11+14+15+23+12+5+4+7+5=96%

LOVE=12+15+22+5=54%

LUCK=12+21+3+11=47%

None of this makes 100%

Then what makes 100%/!!!

Is it MONEY?=13+15+14+5+25=72%

Every problem has a solution , only if we perhaps change our

**ATTITUDE**=1+20+20+9+20+21+4+5=100%

***It's our 'ATTITUDE' towards life and work that makes our life 100 % success***

# പുഴ



പ്രസീതകുമാരി.ഒ
അധ്യാപിക GHSS ചട്ടുകപ്പാറ

ഒരു പുഴയായിരുന്നു.........
ഒരു വെറും പുഴയായിരുന്നു
കരളിന്റെയുള്ളിലെ കനിവാർന്നൊഴുകിയ
കദനത്തിൻ പുഴയായിരുന്നു
ഏതോ ഭഗീരഥൻ മാടിവിളിച്ചപ്പോൾ
പാടേ മറന്നു ഞാൻ പാഞ്ഞു
ഓടിക്കിതച്ചണയാത്ത വഴിയില്ല



ഓളപ്പരപ്പിനലുക്കമായി
നീന്തിത്തുടിച്ചും കുടിച്ചും രമിച്ചവർ
ഏതോ ദുരയാൽ കരാളമായി
കാർവീരാർജ്ജുന പീഡനമായ്
ആർത്തരായാലംബഹീനയായി
ആക്രോശമായട്ടഹാസമായി
ആകെയുറഞ്ഞങ്ങലഞ്ഞു തുള്ളി
ആടിയുലഞ്ഞു മുടിയഴിച്ച്
നീളേ കറുത്ത ചുഴലിയായി
ആഴിയിലെങ്ങോ പോയ് മറഞ്ഞൂ
ആധി മുഴുത്തു വരണ്ടുണങ്ങി
മാലോകർ കാക്കുന്ന വീർപ്പിലെങ്ങും
ഇവിടെയൊരു പുഴയായിരുന്നു ഞാനും.!



# വര

-ശ്രീനന്ദ K C, 9 A









# അമ്മയുടെസ്വപ്നസമ്മാനം

-ദേവനന്ദ

ഒരിടത്ത് ഒരു അമ്മയുണ്ടയിരുന്നു അമ്മയ്ക്ക് ഒരു കുട്ടിയാണ്. പേര് അതുല്യ അവൾ വളരെ സുന്ദരി ആയിരുന്നു .അവളുടെ അമ്മ അവളെ പ്രസവിക്കാൻ പോകുന്നതിനു മുൻപുള്ള ദിവസമായിരുന്നു അച്ഛൻ മരിച്ചത് . അത് അവളുടെ അമ്മയുടെ മനസ്സിൽ സങ്കടകടൽ രൂപപ്പെടുത്തി. പക്ഷെ അവളെ അമ്മ വളർത്തിയത് ഒരു കുറവും കൂടാതെയാണ്. പക്ഷെ അവൾ പഠിത്തത്തിൽ പിറകോട്ടായിരുന്നു. അമ്മ കൂലിപണിക്കുപോയി കിട്ടുന്ന പൈസ കൊണ്ട് ചിലവ് ഒതുക്കും പക്ഷെ ,അത് അവൾക്ക് തികയുമായിരുന്നില്ല അമ്മയുടെ സ്വപ്നം അവൾമാത്രമായിരുന്നു പക്ഷെ അവൾക്ക് അമ്മ ഒരു കൂലിപണിക്കാരി ആണെന്ന് പറയാൻ നാണമായിരുന്നു .ഒരു ദിവസം അവൾ വീട്ടിലെത്തി അമ്മയുടെ അടുത്തു ചെന്നു .എന്നിട്ട് പറഞ്ഞു:

"അമ്മേ; അമ്മയ്ക്ക് വേറെ പണിയൊന്നും
കിട്ടീലെ. കൂലിപ്പണിക്കുപോണത്രെ;"

അമ്മ അതുകേട്ട് നിശ്ചലമായിപ്പോയി.

"ഇത്രനാളും നീ ആ പൈസ കൊണ്ടാണ് വളർന്നത് .എനിക്ക് പടിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല.

നിനക്കിപ്പോൾ അതുണ്ട്, നീ എന്നിട്ട് പഠിക്കുന്നുണ്ടോ അവൾ ദേഷ്യത്തോടെ അമ്മയോട് പറഞ്ഞു

"ഞാൻ പഠിച്ചാൽ അമ്മ എനിക്ക് എന്ത് തരും"

"ഞാൻ നിനക്ക് പകരം വെക്കാനാവാത്ത സമ്മാനം തരും"

അവൾ പറഞ്ഞു : 'എനി ഞാൻ ഉറപ്പായും പഠിക്കും '

അവൾ ശക്തിയാർന്ന ഒരു ആശ മനസ്സിൽ കുത്തിപൊക്കി .

എനി അവൾ പഠിക്കും . അവൾ നന്നായി പഠിക്കാൻ തുടങ്ങി .അവൾ ക്ലാസ്സിൽ ഉയർന്ന മാർക്കിൽ പരീക്ഷകളിൽ വിജയിച്ചു . അമ്മയോട് ചോദിച്ചു.

“എവിടെ സമ്മാനം എവിടെ അമ്മയുടെ സ്വപ്നത്തിലേക്കുള്ള ഒരു ചവിട്ടുപടി ഞാൻ കയറിയല്ലോ”

അമ്മ : “ഞാൻ നിനക്കു തരുന്ന സ്നേഹത്തിനപ്പുറം നിനക്ക് അമൂല്യമായി എന്തുണ്ട് ”

അവൾ :"ഓരോ കാരണങ്ങൾ പറഞ്ഞ് അമ്മ വിഷയം മാറ്റണ്ട .ഇപ്പം തന്നില്ലെങ്കിൽ സാരമില്ല.അടുത്തമാസം എന്റെ പിറന്നാളാ അതിന് അമ്മ എന്ത് സമ്മാനം തരും ."

അമ്മ: “അമൂല്യമായത് തന്നെ ” അവൾ അതേ രീതിയിൽ പഠിച്ചു .അമ്മ അവളുടെ സ്വപ്നമായ സമ്മാനം തേടി അലഞ്ഞു .പെട്ടെന്ന്ഒരു ദിവസം അവൾ തലകറങ്ങി വീണു .അമ്മയ്ക്ക് എന്ത് ചെയ്യണമെന്നറിഞ്ഞില്ല അയൽക്കാരേയും കൂട്ടി ആശുപത്രിയിൽ എത്തിച്ചു ഡോക്ടർമാർ പറഞ്ഞു : “അവളുടെ ഹൃദയത്തിന് ആയുസില്ല ഒരു ഹൃദയം വേറെ മാറ്റി വെക്കണം. ”അമ്മ അതുകേട്ടയുടനെ ക്ഷീണിതയായി

അമ്മ പറഞ്ഞു :“ഹൃദയം ഞാൻ തരാം ”ഡോക്ടർമാർ അമ്മയുടെ ഹൃദയം അവൾക്ക് വെച്ചു .ഒരു മാസത്തിനുശേഷം അവൾ ശരിയായി നടക്കാൻ തുടങ്ങി.അവൾ അമ്മയെ അന്വേഷിച്ചു. വീട്ടിലെത്തിയപ്പോൾ അവളുടെ അമ്മായി അവിടെ ഉണ്ടായിരുന്നു .അമ്മയെവിടെ എന്ന് ചോദിച്ചപ്പോൾ അവർ ഒരു കത്ത് നൽകി. അവൾ ആ നിമിഷം കൊണ്ട് എന്തൊക്കെയോ ചിന്തിച്ചു കൂട്ടി.അവൾ കത്തു വായിച്ചു :“മോളെ നീ പറഞ്ഞ സ്വപ്ന സമ്മാനം ഏൽപ്പിച്ച് അമ്മ മടങ്ങുകയാണ് നിന്റെ ഹൃദയത്തിന്റെ തുടിപ്പ് എന്നിൽ 30 വർഷം തുടിച്ചതായിരുന്നു .എനി എന്റെ ഹൃദയം നിന്റെ സ്വന്തം. അമൂല്യമായ സമ്മാനം എന്റെ ഹൃദയമാണ് മോളെ ”ആ കത്ത് വായിച്ച ഉടൻ അവൾ കരഞ്ഞു അവൾ എനി അനാഥയായി ജീവിക്കണമല്ലോ. എന്ന ചിന്തയും അമ്മയുടെ വേർപാടും അവളെ സങ്കടത്തിലാക്കി

# ഡിജിറ്റൽ പെയിന്റിങ്ങ്

-അഭിനവ്, 9D



യാത്രാ വിവരണം

# അനന്തപുരിയിൽ



-ശ്രേയ,

10 C

ഈ വർഷം സ്കൂളിൽ നിന്ന് തിരുവനന്തപുരത്തേക്കാണ് പഠനയാത്ര പോയത്. രണ്ട് ദിവസത്തെ യാത്രയായിരുന്നു ഭൂരിഭാഗവും പത്താംക്ലാസുകാരായിരുന്നു..രണ്ട്ബസ്സുകളിലായിരുന്നു പോയത്. ഒന്നാമത്തെ ബസ്സിൽ ആണ് ഞാൻ ഉണ്ടായിരുന്നത്.വെള്ളിയാഴ്ചവൈകുന്നേരത്തോടെയാണ് യാത്ര ആരംഭിച്ചത് , എല്ലാവരും വളരെ ആവേശത്തിലായിരുന്നു. ഞങ്ങളുടെ കൂടെ സുരേന്ദ്രൻ മാഷും ഹെഡ്മാസ്റ്ററും ഒക്കെയുണ്ടായിരുന്നു.പിന്നെ എന്റെ കുറേ കൂട്ടുകാരും ഉണ്ടായിരുന്നു.അങ്ങനെ ഏകദേശം ഏഴുമണിയോടെ ഞങ്ങൾ യാത്ര പുറപ്പെട്ടു.ബസ് പുറപ്പെട്ടപ്പോഴേ ഞങ്ങൾ പാട്ടു വയ്ക്കാനായി ബഹളം കൂടി.പാട്ടു വച്ചു.എല്ലാവർക്കും ആവേശം കയറി ഞങ്ങളെല്ലാവരും ആസ്വദിച്ച് ഡാൻസ് കളിച്ചു. കുറെ നേരം തുള്ളി തിമിർത്തു.എല്ലാവർക്കും ക്ഷീണം പിടിച്ചപ്പോൾ ഓരോരുത്തരായി സീറ്റിൽ പോയി കിടക്കാൻ തുടങ്ങി.അപ്പോഴേക്കതാ ഒരു ഗംഭീര മഴ പെയ്തു.ആ മഴ കുറേ നേരം തുടർന്നു.കുറേ നേരത്തിനു ശേഷം ബസ് ഒരു പെട്രോൾ പമ്പിൽ നിർത്തി.ഞങ്ങൾ

അവിടെ ഇറങ്ങി ഭക്ഷണം കഴിച്ചു.പിന്നീട് വീണ്ടും യാത്ര തുടർന്നു.ഞാൻ വേഗം ജനലിനടുത്തുള്ള സീറ്റിൽ സ്ഥാനം പിടിച്ച് ഉറങ്ങാൻ തുടങ്ങി.പക്ഷെ ഉറങ്ങാൻ കഴിഞ്ഞില്ല.കൂട്ടുകാർ വന്ന് വെള്ളം മുഖത്തൊഴിച്ചുകൊണ്ടിരുന്നു.എങ്കിലും അവരെ കാണാതെ ഞാൻ കുറച്ചുനേരം സുഖമായി ഉറങ്ങി.മഴ ഇടയ്ക്കിടെ പെയ്തിരുന്നു.അങ്ങനെ ശനിയാഴ്ച രാവിലെ

ഏഴരയോടെ ഞങ്ങൾ താവസ സ്ഥലത്തെത്തി.ടീച്ചർ എല്ലാവരോടും കുളിച്ച് റെഡിയായി ചായ കുടിക്കാൻ വരാൻ പറഞ്ഞു.ഞങ്ങൾ ചായകുടിക്കാൻ

ചെന്നു.എല്ലാവരും ചായ കുടിച്ച ശേഷം ഞങ്ങളുടെ യാത്രയുടെ ആദ്യ ലക്ഷ്യമായ പത്മനാഭസ്വാമി ക്ഷേത്രം കാണാൻ പുറപ്പെട്ടു.കുറച്ച് ദൂരം മാത്രമേ യാത്ര ചെയ്യേണ്ടി വന്നുള്ളൂ.അവിടെയെത്തി ബസ് നിർത്തി ഞങ്ങൾ ഇറങ്ങി നടന്നു.തികച്ചും തമിഴ് ശൈലിയിലുള്ള വീടുകളാണ് ഇവിടെ കാണാൻ സാധിച്ചത്.മാത്രമല്ല ഭാഷയും തമിഴ് കലർന്നതായിരുന്നു.ഞങ്ങൾ ക്ഷേത്രത്തിനടുത്തെത്തി.ആ ക്ഷേത്രത്തോടു ചേർന്ന് ഒരു വലിയ കുളമുണ്ടായിരുന്നു.ആ കുളത്തിനടുത്തുകൂടി നടന്ന് ക്ഷേത്രത്തിനു മുന്നിലെത്തി.അവിടെ കോടിക്കണക്കിന് രൂപയുടെ സമ്പത്ത് സൂക്ഷിച്ചിരിക്കുന്നുണ്ടെന്നാണ് സുരേന്ദ്രൻ മാഷ് പറഞ്ഞത്.ഞങ്ങൾ ക്ഷേത്രത്തിനുള്ളിൽ കയറിയില്ലെങ്കിലും പുറത്തു മുഴുവൻ ചുറ്റിക്കണ്ടു.ഒരു വലിയ അമ്പലം.ഞങ്ങൾ അവിടെ നിന്നും തിരിച്ചു.പിന്നെ നേരെ പോയത് ZOO യിലേക്കാണ്.

വലിയൊരു ZOO ആയിരുന്നു അത്.ടൗണിൽ വലിയ തിരക്കായിരുന്നു.ആദ്യം അവിടെ നിന്ന് എല്ലാവർക്കും ഐസ്ക്രീം വാങ്ങി തന്നു.അതു കഴിച്ച ശേഷം ഞങ്ങൾ ZOO വിനുള്ളിലേക്ക് കയറി.ശരിക്കും പറഞ്ഞാൽ ഒരു ചെറിയ കാടു തന്നെയായിരുന്നു.നാളിതു വരെ ടിവിയിലും ഫോട്ടോകളിലും കണ്ട ജീവികളെയും ഇതുവരെ കാണാത്തതോ കേൾക്കാത്തതോ ആയ നിരവധി ജീവികളെയും കാണാൻ കഴിഞ്ഞു.നിറയെ മരങ്ങളുള്ള പ്രദേശമായതിനാൽ നല്ല കുളിർമയുണ്ടായിരുന്നു.





# കാർമുകിൽ

നിസിൻ പ്രകാശ്
9D

ആരോപറഞ്ഞതു കേട്ട ഞാനന്നെന്റെ
അങ്കണത്തിണ്ണയിൽ ചെന്നു നിൽക്കേ
പൊട്ടിക്കരഞ്ഞെന്റെ മുറ്റം നിറച്ചൊരു
കാവ്യവിതാനമാം കാർമുകിലേ...

മാരുതപാതയിൽ സഞ്ചരിച്ചീടും നീ
ഓരോ മഴയും കനിഞ്ഞു നൽകും
നിന്നിളം കാറ്റിൽ സുഖിച്ചുനിന്നു ഞങ്ങൾ
മഴയെ പ്രതീക്ഷിച്ചിരുന്നു നമ്മൾ.



ഇക്കാലമുതയും നീ തന്ന പേമാരി
എന്തിനാണിതു കഠോരമായി
വേനലിൽ നീ വരാൻ കാത്തിരിപ്പുണ്ട ഞാൻ
വന്നാൽ മഴയൊട്ടും തന്നതില്ല.

പോകാൻ പറഞ്ഞാൽ പോകുകയില്ല നീ
മാറാൻ പറഞ്ഞാൽ വരില്ല സത്യം
വെയിലും വരണം മഴയും വരണം
നീ വരും നാളുകൾ കൂടിടേണം
ആരോ...... (2)

****************

# ബ്ലാക്ക് ബോർഡ്



**ധനേഷ് രാംമ്പേത്ത്**

**കായികാധ്യാപകൻ, GHSS ചട്ടുകപ്പാറ**



കറുത്തതാണെൻ ഉടൽ

മുഖത്ത് നോക്കാൻ അറപ്പ് തോന്നും

ചതുരത്തിലാണെന്നൊരാശ്വാസം

ഉണ്ടച്ചിയെന്നാരും വിളിക്കില്ലല്ലോ!

അഭിമാനമുണ്ടെനിക്കെങ്കിലും,

കറുത്തിരിക്കും മുഖത്തെഴുത്തും

വെളുത്തക്ഷരം ഗ്രഹിച്ചിരുന്ന

നാളെയുടെ വാഗ്ദാനങ്ങൾ.

ഇരുണ്ട് മൂടിയ മനസ്സിൽ

വെളുത്തക്ഷര ജ്യോതി പകരാൻ

കുഞ്ഞുങ്ങൾ പണ്ടെന്നെ

മഷി പുരട്ടി കറുപ്പിച്ച് കൊണ്ടിരുന്നു.

അറിവിൻ വെട്ടം വിതറാൻ

ഒരുക്കമെങ്കിലും ,ഇന്നീ

കൂരിരുട്ടിൽ ചിതലെടുക്കുമ്പോൾ

വെളുക്കുന്നുണ്ടെൻ മനസ്സ് ,

ആശങ്കയൊന്ന് മാത്രം

വെളുത്ത വോർഡിൽ

കറുത്തക്ഷരം ഗ്രഹിക്കും

കുഞ്ഞുമനസ്സുകൾ

കറുക്കുമോ ?????

# IT QUIZ



-വൈഷ്ണവ്.R K, 9 C

1 . ടെക് ഭീമനായ ഗൂഗിലിന്റെ സിഇഒ ആര് ?

സുന്ദർ പിച്ച

2 ഗണിത ക്രിയ ചെയ്യുന്നതിനായി ഉബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഉള്ള സോഫ്റ്റ് വെയർ?

ജിയോ ജിബ്ര

3.ഇന്ത്യയിൽ ആദ്യമായി നിലവിൽ വന്ന സൈബർ നിയമം?

ഐ.ടി.ആക്ട് 2000

4 .സൈബർ നിയമം നിലവിൽ വന്ന ആദ്യ ഏഷ്യൻ രാജ്യം ?

സിംഗപ്പൂർ

5 .ഇന്ത്യൻ വിവരസാങ്കേതികവിദ്യയുടെ പിതാവ് ?

രാജീവ് ഗാന്ധി

6 .കംപ്യൂട്ടർ ചിപ് നിർമിക്കാൻ ഉപയോഗിക്കുന്ന മൂലകം?

സിലിക്കൺ

7 .IT @ SCHOOL പദ്ധതി കേരളത്തിൽ ആരംഭിച്ച വർഷം?

2001

8 .വിക്കിപീഡിയയുടെ ഉപജ്ഞാതാക്കൾ ആരൊക്കെ ?

ജിമ്മി വെയിൽസ് ,ലാറിസാങ്ഗർ

9 .ഇന്ത്യയുടെ ആദ്യ വെബ് ബ്രൗസർ ?

എപിക്

10 .C D  യുടെ സംഭരണശേഷി ?

650 മുതൽ 750 MB വരെ

11 .ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം ?

ഡിസംബർ 2

12 .ഹൈടെക് വ്യവസായത്തിന്റെ തലസ്ഥാനം ?

സിലിക്കൺ വാലി

13. കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന സംഖ്യ സംബ്രദായം ?

ബൈനറി

14 .ലോഗരിതം കണ്ടുപിടിച്ചതാര് ?

ജോൺ നേപ്പിയർ

15 .സ്വതന്ത്ര സോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ?

റിച്ചാർഡ് സ്റ്റാൾമാൻ

16. വാണിജ്യ വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ഭാഷ ?

കോബോൾ

17 .മന്ത്രിമാർക്കെല്ലാം സ്വന്തമായി വെബ് സൈറ്റ് ഉള്ള ആദ്യ സംസ്ഥാനം ?

കേരളം

18 .വേൾഡ് വൈഡ് വെബിന്റെ ഉപജ്ഞാതാവ് ?

ടിം ബെർനെസ്‌ലി

19 .സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ് ?

സിമോർ ക്രേ

20 .കമ്പ്യൂട്ടർ കീബോർഡിൽ ഹമ്പ് ഉള്ള കീകൾ ഏതൊക്കെ ?

*F ,J*

## വലയ സൂര്യഗ്രഹണം




നിസാം.P, 9 C

നൂറ്റാണ്ടിനിടയിൽ രണ്ടാമത്തെ വലയസൂര്യഗ്രഹണം കേരളത്തിൽ ദൃശ്യമായി. ആദ്യം ദൃശ്യമായത് കാസർ ഗോഡിലെ ചെറുവത്തൂരിലാണ്. വടക്കൻ ജില്ലകളിൽ വലയസൂര്യഗ്രഹണം ദൃശ്യമായപ്പോൾ മറ്റ ജില്ലകളിൽ ഭാഗികമായാണ് ദൃശ്യമായത്. രാവിലെ 11.11 വരെ ഗ്രഹണം നീണ്ടു. വലിയ സൂര്യഗ്രഹണം കേരളത്തിൽ വിപുലമായ ഒരുക്കങ്ങൾ സജ്ജീകരിച്ചിരിക്കുന്നു രാവിലെ എട്ടുമണി കഴിഞ്ഞ് നാല് മിനുട്ട് ആയപ്പോൾ കാസർഗോഡ് ചെറുവത്തൂരിലാണ് കേരളത്തിൽ ഗ്രഹണം ആദ്യം ദൃശ്യമായത് തുടർന്ന് മറ്റു ജില്ലകളിലും ദൃശ്യമായി 9.26. ആയപ്പോൾ കാസറഗോഡ് ,കണ്ണൂർ ,വയനാട് ,കോഴിക്കോട് തുടഗിയ വടക്കൻ ജില്ലകളിൽ

ഇത് വലിയ സൂര്യഗ്രഹണ മായി മാറി . നൂറ്റാണ്ടിലെ രണ്ടാമത്തെ വലയ സൂര്യഗ്രഹണം രണ്ടര മിനുട്ട് വരെ നീണ്ടു നിന്ന് .

മറ്റിടങ്ങളിൽ ഭാഗിക ഗ്രഹണമായി 11.15. വരെ നീണ്ടു നിന്ന്. വിപുലമായ സൗകര്യമാണ് എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഒരുക്കിയത്. നൂറ്കണക്കിന് ആളുകൾ ഇവിടങ്ങളിൽ എത്തി. സുരക്ഷിതമായി ഗ്രഹണം കണ്ടു മടങ്ങി.

ചന്ദ്രനും സൂര്യനും ഇടയിൽ ഇടയിൽ വരുമ്പോൾ സൂര്യൻ ഭാഗികമായോ പൂർണ്ണമായോ മറയപ്പെടുന്ന പ്രതിഭാസമാണ് സൂര്യഗ്രഹണം.






# A,B,C to life



-DIYA KIRAN

9D

A makes you active

B expect you to brave

C wishes you to be a good citizen

D wants you to be doubtful

E advises you to be elders

F expects you to be faithful

G advise you to be gentle

H ask you to be honest

I takes you towards intelligence

J teaches you to be judicious

K leads you to towards kindness

L teaches you to love

M teaches you to be merciful

N wants you to be neat

O wants you to be obedient

P teaches you to be punctual

Q ask you to be quick

*R teaches you regularity*

*S says think before you speak*

*T advise you to be truthful*

*U leads you to unity*

*V teaches you to be victorious*

*W advise you to be well behaved*

*X brings you to message of 'X' mas*

*Y ask you to remain young*

*Z says work with zeal*




# PHILOSOPHY



- Mridul K 9 D

➢ *FAILURE IS SIMPLY THE OPPORTUNITY TO BEGIN AGAIN THIS TIME MORE INTELLIGENTLY .*

➢ *THE JOURNEY OF A THOUSAND MILES MUST BEGIN WITH A SINGLE STEP .*




➢ *A IF YOU CANNOT BE POET ,BE THE POEM.*

➢ *EVERY ONE THINKS OF CHANGING THE WORLD BUT NO ONE THINKS OF CHANGING HIMSELF.*

➢ *DEDICATION IS THE MOST POWER FULL TOOL TO SUCCESS IN YOUR LIFE .*

➢ **THE MOST IMPORTANT QUALITY IN A LEADER IS THAT OF BEING ACKNOWLEDGED AS SUCH.*

➢ *EXCELLENCE IS NOT AN ACCOMPLISHMENT IT IS A SPIRIT A NEVER ENDING PROCESS.*

➢ *NO BODY MADE A GREATER MISTAKE THAN HE WHO DID NOTHING BECAUSE HE COULD DO ONLY A LITTLE .*

- YOU MUST DO THE THINGS YOU THINK YOU CANNOT DO.
- EVERY ACTION HAD A REACTION .
- YOU TEACH BEST WHAT YOU MOST NEED TO LEARN .
- HAPPINESS IS A PERSON'S MOST CHEERFUL GOAL .
- TRUE HAPPINESS IS TO ENJOY THE PRESENT WITH OUT BEING TOO ANXIOUS ABOUT THE FUTURE .

*HAPPINESS CANNOT BE MATERIALISTIC IT IS A STATE OF MIND IT COMES FROM OUR RELATION SHIP WITH OTHER PEOPLE RATHER THAN FROM MATERIAL THINNESS .





# കായിക പരിശീലനത്തിലൂടെ ആരോഗ്യം

-ധനേഷ് രാംമ്പേത്ത്
കായികാധ്യാപകൻ, GHSS ചട്ടുകപ്പാറ

കായിക പ്രവർത്തനങ്ങൾ അന്യം നിന്ന്കൊണ്ടിരിക്കുന്ന ഈ യുഗത്തിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വളരെ പ്രസ്കതമാണ്. കായികപരിശീലനത്തിന്റെ അഭാവംമൂലം ജീവിതശൈലിരോഗങ്ങളും മനുഷ്യനെ കാർന്നുതിന്ന് കൊണ്ടിരിക്കുന്ന പാതയിലൂടെയാണ് നാം കടന്നുപോയികൊണ്ടിരിക്കുന്നത്.ഇത് തടഞ്ഞേ മതിയാകു.ചെറിയ പ്രായം മുതൽ തന്നെ കായികപ്രവർത്തനങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയാൽ തന്നെ നമുക്ക് ഈ രോഗങ്ങളെ അകറ്റിനിർത്താൻ സാധിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

ഒരു വ്യക്തിയുടെ ശാരീരികവും,മാനസികവും,സാമൂഹികവുമായ വികാസത്തിന് കായികപ്രവർത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. കായികപ്രവർത്തനത്തിന് അതിന്റേതായ പ്രാധാന്യം ഉണ്ട്. കായികപരിശീലനത്തിലൂടെ കുട്ടിയുടെ ആരോഗ്യകായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കോനും ആരോഗ്യകരമായ ജീവിത ശീലങ്ങളും മനോഭാവങ്ങളും വളർത്താനും സാധിക്കുന്നു വ്യായാമമില്ലാത്ത അലസമായ ജീവിത രീതി ഹൃദ്രോഗത്തിന് കാരണമാകുന്നു. വ്യായാമത്തിന്റെ അഭാവം ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നത് ഹൃദയ പേശികൾക്കാണ് ശരീരകോശങ്ങളുടെ വളർച്ചയ്ക്ക് അത്യാവിശ്യ ഘടകമാണ് കൊഴുപ്പ് കൊഴുപ്പ് കൂടിയാലും കുറഞ്ഞാലും പ്രശ്നമാണ് .അതുകൊണ്ട് തന്നെ നിത്യ വ്യായാമം കൊഴുപ്പിനെ നിയന്ത്രിക്കാനും അതുവഴി ഹൃദ്രോഗ സാധ്യത കുറക്കാനും സാധിക്കുന്നു പഴയകാലത്ത് നിന്ന് പകറന്ന് കിട്ടിയ ആരോഗ്യശീലങ്ങൾ ആധുനികതയുടെ സാങ്കേതിക സുഖങ്ങളിൽ നമുക്ക് നഷ്ട്പ്പെട്ടുകൊണ്ടിരിക്കുകയാണ്. പണ്ട് കാലത്ത് വീടുകളിലെ

കൃഷിയിടം മുതൽ പാചകപ്പുരവരെ നമുക്ക് ആരോഗ്യം പ്രധാനം ചെയ്തിരുന്നു. വ്യായാമം കുറഞ്ഞുകൊണ്ടിരിക്കുന്ന കാലത്താണ് നാമുള്ളത്.കായികപ്രവർത്തനങ്ങളുടെ സാധ്യത അനുദിനം വർധിക്കുകയാണ്.

ആരോഗ്യ സംരക്ഷണത്തിന് വേണ്ടി ആസൂത്രിതമായും ക്രമമായി ചിട്ടപ്പെടുത്തിയും തുടർച്ചയായും വ്യായാമം ചെയ്യേണ്ടതുണ്ട്. വ്യായാമം എപ്പോൾ ചെയ്യണം എന്നും ചെയ്താലുണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്നും അറിഞ്ഞുകൊണ്ട് വേണം അത് ആസൂത്രണം ചെയ്യാൻ .മൈതാനങ്ങളില്ല,കളിസ്ഥലങ്ങളില്ല എന്നതിന്റെ പേരിൽ മാറ്റിവെയ്ക്കേണ്ട ഒന്നല്ല വ്യായാമവും കായികപ്രവർത്തനങ്ങളും. സ്വന്തം വീടുകളിലും വിദ്യാലയങ്ങളിലും വരെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തി ചെയ്യാൻ നമുക്ക് സാധിക്കും. അറിവില്ലായ്മ കൊണ്ടുള്ള അപകടങ്ങൾ ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ച് വേണം മുന്നോട്ടുപോകാൻ.

ചിട്ടയായ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കി മികച്ച ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കാക വഴി സമുന്നതമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിയും .സ്പോർട്സ് വാഹനങ്ങളും ,സ്പോർട്സ് പാദരക്ഷകളും ഉപയോഗിക്കുന്നതിൽ മാത്രമായി നമ്മുടെ കായിക സംസ്കാരം ഒതുങ്ങാൻ പാടുള്ളതല്ല. സമ്പൂർണ ആരോഗ്യം മെച്ചപ്പെടുത്താൻ ദിവസത്തിലെ ഒരു നിശ്ചിത സമയം മാറ്റി വയ്ക്കുമ്പോൾ നാം സമൂഹത്തിന് പ്രദാനം ചെയ്യുന്ന ഊർജം ഒരു വൻ സ്വത്താകുന്നു. ഒപ്പം നമ്മുടെ ആരോഗ്യവും കർമ്മ ശേഷിയും മെച്ചപ്പെടുന്നു.



# വിദ്യാലയം -പ്രതിഭകൾക്കൊപ്പം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ ' പ്രതിഭകൾക്കൊപ്പം, - എന്ന പഠന പ്രവർത്തനത്തിന്റെ ഭാഗമായി ചട്ടു കപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും 19-11-2019 ചൊവ്വാഴ്ച കവി ശ്രീ രതീശൻ ചെക്കിക്കുളത്തിനെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു.

പ്രധാനാധ്യാപകനായ കൃഷ്ണ ദാസ് സാറിന്റെ നേതൃത്വത്തിൽ 20 കുട്ടികളും രതി കണിയാരത്ത്, സുധ, സമിയത്ത്, സുധാമണി, ഫിറോസ് എന്നീ അധ്യാപരും ഉച്ചക്ക് 2.30 ന് രതീശൻ ചെക്കിക്കുളത്തിന്റെ ചെക്കിക്കുളത്തുള്ള വസതിയിലെത്തി.സ്കൂൾ ഉദ്യാനത്തിലെ പൂക്കൾ നൽകി കവിയെ ആദരിച്ചു.





രതി കണിയാരത്ത് എല്ലാവരേയും പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. ഹെഡ്മാസ്റ്റർ പദ്ധതിയുടെ ഉദ്ദേശ്യത്തെ പറ്റി വിശദീകരിച്ചു.നാട്ടുഭാഷാ കവിതകളെപ്പറ്റിയും ആധുനിക കവിതകളെപ്പറ്റിയും കവി കുട്ടികളോട് സംവദിച്ചു. സമകാലിക സമൂഹത്തിന്റെ വിഹ്വലതകളും ചർച്ചയക്ക് വിഷയമായി.

ഏറ്റുമാനൂർ കാവ്യ വേദി അവാർഡ് ,രാഷ്ട്ര കവി ഗോവിന്ദ പൈ സ്മാരക അവാർഡ്, ജ്വാല പുരസ്കാരം പുരോഗമന കലാസാഹിത്യ സംഘം പ്ലാറ്റിനം ജൂബിലി അവാർഡ് ,ബാലചന്ദ്രൻ പുരസ്കാരം, എന്നീ ബഹുമതികൾ രതീശൻ ചെക്കിക്കുളത്തിന് ലഭിച്ചിട്ടുണ്ട്. സമയം നോക്കുന്ന കുഞ്ഞമ്പു എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.SB I യിൽ അസിസ്റ്റന്റ് മാനേജറായി ജോലി ചെയ്യുന്നു





# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# സ്കൂൾ ബാന്റ് ട്രൂപ്പ്:



# നന്ദി

ചട്ടുകപ്പാറ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്ക് 'പ്രജ്വാലിക' എന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് സഹായിച്ച സ്കൂളിലെ അധ്യാപകർക്കും കൂട്ടുകാർക്കും മറ്റ് ജീവനക്കാർക്കും നന്ദി അറിയിക്കുന്നു.

-ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



വിജയികളുടെ കഥകൾ വായിക്കരുത്,

അതിൽനിന്നും നിങ്ങൾക്ക് സന്ദേശം മാത്രമേ

ലഭിക്കുകയുള്ളൂ,പരാജിതരുടെ കഥകൾ വായിക്കുക

നിങ്ങൾക്ക് വിജയിക്കുവാനുള്ള പ്രചോദനം ലഭിക്കും.....

-ഡോ.എ.പി.ജെ അബ്ദുൽ കലാം